**പതിനാലാം കേരള നിയമസഭ**

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.**4164** 17-05-2017-ൽ മറുപടിക്ക്

## കേന്ദ്ര സർക്കാരിനോട് ഉന്നയിച്ച ആവശ്യങ്ങൾ

**ചോദ്യം**

ശ്രീ.എം.ഉമ്മർ

ശ്രീ. പിണറായി വിജയൻ

(മുഖ്യമന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിൽവന്ന ശേഷം കേന്ദ്ര സർക്കാരിനോട് ഉന്നയിച്ച ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു; വിശദമാക്കാമോ ; | (എ) യും (ബി) യും | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കേന്ദ്രസർക്കാരിനോട് ഉന്നയിച്ച പ്രധാന ആവശ്യങ്ങൾ ചുവടെ ചേർക്കുന്നു.<br><br>• കണ്ണൂർ എയർപോർട്ട് നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നത് സംബന്ധിച്ച്<br>• ബേക്കൽ, വയനാട്, ഇടുക്കി, ശബരിമല തുടങ്ങിയ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ എയർ സ്ട്രിപ്പ് ആരംഭിക്കുന്നത് സംബന്ധിച്ച്<br>• കോഴിക്കോട് എയർപോർട്ടിന്റെ നവീകരണം പൂർത്തിയായ സാഹചര്യത്തിൽ വലിയ വിമാനങ്ങൾ ഇറക്കാൻ അനുമതി നൽകുന്നത് സംബന്ധിച്ച്<br>• ദേശീയ ഭക്ഷ്യസുരക്ഷാ നിയമം അനുസരിച്ച് കേരളത്തിന് ലഭിക്കേണ്ട അധിക ഭക്ഷ്യധാന്യങ്ങൾ അനുവദിക്കുന്നത് സംബന്ധിച്ച്<br>• കേരളത്തിൽ എയിംസ് അനുവദിക്കുന്നത് സംബന്ധിച്ച്<br>• നോട്ട് നിരോധനം കേരള സമ്പദ് വ്യവസ്ഥയിലും സഹകരണ മേഖലയിലും ഉണ്ടാക്കിയേക്കാവുന്ന പ്രത്യാഘാതങ്ങൾ സംബന്ധിച്ച്<br>• അങ്കമാലി- ശബരി റയിൽപാതയുടെ നിർമ്മാണം സംബന്ധിച്ച്<br>• സ്വാതന്ത്ര്യസമര സേനാനിയായിരുന്ന സി.കേശവന്റെ ബഹുമാനാർത്ഥം തപാൽ സ്റ്റാമ്പ് പുറത്തിറക്കുന്നത് സംബന്ധിച്ച്<br>• ഹിന്ദുസ്ഥാൻ ന്യൂസ് പ്രിൻറ്സ് ലിമിറ്റഡിന്റെ നവീകരണത്തിന് ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ച്<br>• വിഴിഞ്ഞം തുറമുഖപദ്ധതി കേന്ദ്രസർക്കാരിന്റെ സാഗർമാല പദ്ധതിയിൽ |
| ബി) | ഇന്ന് സംസ്ഥാനം നേരിടുന്ന ഏതെല്ലാം പ്രശ്നങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി; | | |

| | | | |
|---|---|---|---|
| | | | ചേർക്കുന്നത് സംബന്ധിച്ച്<br>• കൊച്ചിയിൽ ഫാർമ പാർക്ക് അനുവദിക്കുന്നത് സംബന്ധിച്ച്<br>• ഫാക്ടിൽ യൂറിയ പ്ലാന്റ് അനുവദിക്കുന്നത് സംബന്ധിച്ച്<br>• കാസർഗോഡ് എൻഡോസൾഫാൻ ഇരകൾക്ക് ദേശിയമനുഷ്യാവകാശ കമ്മീഷനും, സുപ്രീംകോടതിയും പ്രഖ്യാപിച്ച നഷ്ടപരിഹാരതുകയിലെ കേന്ദ്രവിഹിതം ലഭ്യമാക്കുന്നത് സംബന്ധിച്ച്.<br>• പി.എം.എ വൈ പദ്ധതിയിൽ ഉൾപ്പെടുത്തി 2022 ഓടെ എല്ലാവർക്കും വീട്ടുകൾ എന്ന പദ്ധതി പ്രകാരം ഒന്നര ലക്ഷം വീട്ടുകൾ അനുവദിക്കുന്നത് സംബന്ധിച്ച്<br>• പി.എം.ജി.എസ് വൈ -II പ്രകാരം കേരളത്തിന് ഫണ്ട് അനുവദിക്കുന്നത് സംബന്ധിച്ച്<br>• കേരളത്തിലെ റയിൽവേ ലൈനുകളുടെ നവീകരണം സംബന്ധിച്ച്<br>• കശുവണ്ടി മേഖലയെ സംരക്ഷിക്കുന്നതിന് കേന്ദ്രസഹായം സംബന്ധിച്ച്<br>• കേരളത്തിലെ ദേശിയ പാതകളുടെ നവീകരണം സംബന്ധിച്ച് |
| സി) | അതിന്മേൽ കേന്ദ്ര സർക്കാരിന്റെ ഭാഗത്തു നിന്നുള്ള പ്രതികരണം വിശദമാക്കാമോ? | സി) | • കേരളത്തിൽ എയിംസ് അനുവദിക്കണമെന്ന ആവശ്യം 06.11.2016 ൽ കേന്ദ്രസർക്കാർ നിരസിച്ചിരുന്നു.<br>• കണ്ണൂർ എയർപോർട്ട് നിർമ്മാണവുമായി ബന്ധപ്പെട്ടു പരിശോധന നടത്താനുള്ള കമ്മിറ്റി രൂപീകരിക്കാൻ കേന്ദ്രസർക്കാർ തീരുമാനിച്ചിട്ടുണ്ട്.<br>• ശബരിമല വികസനത്തിനായി ധനസഹായം അനുവദിച്ചിട്ടുണ്ട്,<br>സർക്കാർ ഉന്നയിച്ച വിവിധ ആവശ്യങ്ങൾ കേന്ദ്രസർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ